**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5488** **03-11-2021 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മണ്ഡലത്തിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ പൂല്ലൂക്കര, കടവത്തൂർ, കല്ലിക്കണ്ടി, വടക്കെപൊയിലൂർ എന്നിവിടങ്ങളിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമല്ലാത്തത് കാരണം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (എ) | പുല്ലൂക്കര, കല്ലിക്കണ്ടി എന്നീ സബ് സെന്ററുകൾ നിലവിൽ പ്രവർത്തനക്ഷമമല്ല. കടവത്തൂർ, വടക്കേ പൊയിലൂർ എന്നീ സബ് സെന്ററുകളിൽ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരം പുല്ലൂക്കര കുടുംബാരോഗ്യ കേന്ദ്രം ഹെൽത്ത് & വെൽനസ് സെന്റർ ആയി ഉയർത്തി ഉത്തരവാകുകയും ആയതിലേക്ക് ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് 7 ലക്ഷം രൂപ (ഏഴ് ലക്ഷം രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ NHM-2021-22-ROP-യിൽ കെൽ മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 67 ലക്ഷം രൂപ (അറുപത്തി ഏഴ് ലക്ഷം രൂപ) അനുവദിക്കുകയും ആയതിലേക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉപകേന്ദ്രം പുതുക്കിപ്പണിയുന്ന പ്രവർത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്ഥാപന മേധാവി പാനൂർ മുൻസിപ്പാലിറ്റി അധികൃതർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കടവത്തൂർ സബ് സെന്ററിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എങ്കിലും പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചതിനാൽ താമസയോഗ്യമല്ല. ആയുഷ്മാൻഭാരത് പദ്ധതി പ്രകാരം ഹെൽത്ത് & വെൽനസ് സെന്ററുമായി അപ് ഗ്രേഡ് ചെയ്തിട്ടുണ്ട്. ആയതിലേക്ക് 7 ലക്ഷം (ഏഴ് ലക്ഷം രൂപ മാത്രം) രൂപ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടും അനുവദിച്ചിട്ടുണ്ട്. വടക്കേപൊയിലൂർ സബ് സെന്ററിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നിലവിൽ ഒരു വായനശാലയുടെ ഒറ്റമുറി കെട്ടിടത്തിലാണ് സബ് സെന്റർ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. സൗകര്യപ്രദമായി പ്രവർത്തനങ്ങൾ നടത്തുന്നതിന് അംഗനവാടി കെട്ടിടവും ആവശ്യാനുസരണം ഉപയോഗപ്പെടുത്തി വരുന്നു. കല്ലിക്കണ്ടി സബ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് ഇലക്ട്രിസിറ്റി, |

| | | | |
|---|---|---|---|
| | | | പ്ലംബിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്ക് ഫണ്ട് വകയിരുത്തുന്നതിനായി പഞ്ചായത്ത് അധികൃതർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളും ആരോഗ്യവകുപ്പും സ്വീകരിച്ച നടപടികളും ആയതിന്റെ പുരോഗതിയും വിശദമാക്കുമോ; | (ബി) | പുല്ലൂക്കര, കല്ലിക്കണ്ടി എന്നീ സബ് സെന്ററുകൾ നിലവിൽ പ്രവർത്തനക്ഷമമല്ല. കടവത്തൂർ, വടക്കേ പൊയിലൂർ എന്നീ സബ് സെന്ററുകളിൽ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരം പുല്ലൂക്കര കുടുംബാരോഗ്യ കേന്ദ്രം ഹെൽത്ത് & വെൽനസ് സെന്റർ ആയി ഉയർത്തി ഉത്തരവാകുകയും ആയതിലേക്ക് ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് 7 ലക്ഷം രൂപ (ഏഴ് ലക്ഷം രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ NHM-2021-22-ROP-യിൽ കെൽ മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 67 ലക്ഷം രൂപ (അറുപത്തി ഏഴ് ലക്ഷം രൂപ) അനുവദിക്കുകയും ആയതിലേക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉപകേന്ദ്രം പുതുക്കിപ്പണിയുന്ന പ്രവർത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്ഥാപന മേധാവി പാനൂർ മുൻസിപ്പാലിറ്റി അധികൃതർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കടവത്തൂർ സബ് സെന്ററിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എങ്കിലും പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചതിനാൽ താമസയോഗ്യമല്ല. ആയുഷ്മാൻഭാരത് പദ്ധതി പ്രകാരം ഹെൽത്ത് & വെൽനസ് സെന്ററുമായി അപ് ഗ്രേഡ് ചെയ്തിട്ടുണ്ട്. ആയതിലേക്ക് 7 ലക്ഷം (ഏഴ് ലക്ഷം രൂപ മാത്രം) രൂപ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടും അനുവദിച്ചിട്ടുണ്ട്. വടക്കേപൊയിലൂർ സബ് സെന്ററിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നിലവിൽ ഒരു വായനശാലയുടെ ഒറ്റമുറി കെട്ടിടത്തിലാണ് സബ് സെന്റർ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. സൗകര്യപ്രദമായി പ്രവർത്തനങ്ങൾ നടത്തുന്നതിന് അംഗനവാടി കെട്ടിടവും ആവശ്യാനുസരണം ഉപയോഗപ്പെടുത്തി വരുന്നു. കല്ലിക്കണ്ടി സബ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് ഇലക്ട്രിസിറ്റി, പ്ലംബിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്ക് ഫണ്ട് വകയിരുത്തുന്നതിനായി പഞ്ചായത്ത് അധികൃതർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കൂത്തുപറമ്പ് മണ്ഡലത്തിലെ ആദിവാസി മേഖലയായ നരിക്കോട്ടു മലയിലെ പാവങ്ങളുടെ ഏക ആശ്രയമായ നരിക്കോട്ടു മല കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ | (സി) | നരിക്കോട്ടുമല സബ് സെന്ററിൽ ഇലക്ട്രിസിറ്റി, പ്ലംബിംഗ്, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ